കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി17/2009/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി -19.09.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുണ്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2ലെയും, ഭാഗം 3ലെയും ഭാഗങ്ങളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി17/2009/18 തിയ്യതി: 19.09.2018

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 03.07.2017 മുതൽ 18.07.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | മാത്യൂ റോയ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19.07.2018മുതൽ 01.08.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | പ്രേമാനന്ദ്. എസ് | ഓഡിറ്റ് ഓഫീസർ |
| | | കെ.ജി.റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ബിജു ആന്റണി. യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | താരിഖ് എം.എസ്. | സീ.ഗ്രേ. ഓഡിറ്റർ (23.07.18 വരെ) |
| | | കാർത്തിക | ഓഡിറ്റർ (25.07.18വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.കെ.കുട്ടികൃഷ്ണൻ | 01.04.17 മുതൽ 31.03.18വരെ |
| സെക്രട്ടറി | ശ്രീ. സജി തോമസ് | 01.04.17 മുതൽ 19.06.17വരെ |
| | ശ്രീ. ബാലകൃഷ്ണൻ പുളിക്കൽ | 20.06.17 മുതൽ 04.07.17വരെ |

| | | |
|---|---|---|
| | ശ്രീ. സജി തോമസ് | 05.07.17 മുതൽ 21.08.17 വരെ |
| | ശ്രീ. ചന്ദ്രൻ. വി | 22.08.17 മുതൽ 01.09.17 വരെ |
| | ശ്രീ. മുരളീധരൻ ടി.കെ | 02.09.17മുതൽ 31.03.18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ. ബാലകൃഷ്ണൻ പുളിക്കൽ<br>ശ്രീ. ചന്ദ്രൻ. വി | 1.4.17 മുതൽ 31.07.17 വരെ<br>07.08.17മുതൽ 31.3.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സ്മിത സാമുവൽ<br>ശ്രീമതി. ഷീല. എൻ<br>ശ്രീമതി. സ്മിത സാമുവൽ | 1.4.17 മുതൽ 24.07.17 വരെ<br>25.7.17 മുതൽ 25.11.17 വരെ<br>26.11.17 മുതൽ 31.3.18 വരെ |
| വെറ്റി. സർജൻ | ശ്രീ. ഗോപാലകൃഷ്ണൻ.എം.എ | 1.4.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ. | ശ്രീ. മണികണ്ഠൻ. എൻ | 1.4.17 മുതൽ 31.3.18 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ഷിജി | 1.4.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. പ്രീത. സി | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. അർച്ചന. എൻ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.കേശവപ്രസാദ്. എൻ. | 1.4.17 മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. കല്ല്യാണികുട്ടി.എൻ.വി. | 1.4.17 മുതൽ 31.3.18 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ബിന്ദു. എൻ | 1.4.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-1 |
| 14 | ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടം പാലിച്ചിട്ടില്ല. | 2-2 |
| 15 | ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി - തുക അടവാക്കിയത് സംബന്ധിച്ച് | 2-3 |
| | ഭാഗം 3 | |
| 16 | പൊതുഭരണം- ISO സർട്ടിഫിക്കറ്റ് നേടിയെടുത്തു | 3-1 |
| 17 | കൺവർജൻസ് സ്കീം നടപ്പാവാത്ത സാഹചര്യത്തിൽ തനതു ഫണ്ടിൽ നിന്നും നല്കിയ തുക തിരികെ ഈടാക്കണം. | 3-2 |
| 18 | ബസ് സ്റ്റാന്റ് - പ്രവൃത്തികൾ ത്വരിതപ്പെടുത്തണം | 3-3 |
| 19 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ | 3-4 |
| 20 | പൊതുമരാമത്ത് മേഖല | 3-5 |
| 21 | പശ്ചാത്തല വികസനം-റോഡുകൾ | 3-6 |
| 22 | നീർത്തട സംരക്ഷണം | 3-7 |
| 23 | കുടിവെള്ള പദ്ധതികൾ | 3-8 |
| 24 | മോണിറ്ററിംഗിലെ അപാകത | 3-9 |
| 25 | ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തന അവലോകനം. | 3-10 |
| 26 | ഗുണഭോക്താക്കൾക്ക് മുൻപ് ആനുകൂല്യം കിട്ടിയിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടില്ല | 3-11 |
| 27 | അർഹതയുള്ള സബ്സിഡി തുക ലഭ്യമാക്കുന്നതിൻ ശ്രദ്ധിക്കേണ്ടതാണ്. | 3-12 |
| 28 | ഗുണഭോക്താക്കൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. | 3-13 |
| | ഭാഗം 4 | |
| 29 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 32 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപം | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾഖണ്ഡിക നമ്പർ | 4-10 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

28/03/2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 14/02/2018 തീയതിയിലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല. ബഡ്ജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തുകയോ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതിനെക്കാൾ കൂടുതൽ ചെലവു ചെയ്യുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് (സാധാ) നം. 3291/2016 ത.സ്വ.ഭ.വ തീയതി: 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ അനുശാസിക്കുന്ന സമയക്രമം പാലിച്ച് ബഡ്ജറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകിരിച്ചിട്ടില്ല. 28/03/2017തീയതിയിൽ ബഡ്ജറ്റ് പാസാക്കിയെങ്കിലും 06.05.17നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2017-18ലേക്കുള്ള കരട് പദ്ധതികളെ കുറിച്ച് ചർച്ച ചെയ്തത്. അന്തിമ പദ്ധതി ചർച്ച ചെയ്ത് അംഗീകരിച്ചത് 16.05.2017ൽ മാത്രമാണ്. വികസന സ്റ്റാന്റിംഗ് കമ്മറ്റി അതിന്റെ കീഴിലുള്ള കരടു പദ്ധതികൾ 4.5.17നം അന്തിമ പദ്ധതി 16.05.17നമാണ് അംഗീകരിച്ചത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഇതേ കാലയളവിലാണ് അവയുടെ പരിഗണനയ്ക്കു വന്ന പദ്ധതികൾ ചർച്ച ചെയ്ത് അംഗീകരിച്ചത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2018 | 30.04.2018 | ബാധകമല്ല | ബാധകമല്ല |

വാർഷിക ധനകാര്യ പത്രികയിലെ ചെലവുകൾ ശീർഷകങ്ങളെ അടിസ്ഥാനമാക്കി വാർഷിക റിപ്പോർട്ടുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല. ഫണ്ട് തിരിച്ച് ചെലവു വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ലഭ്യമാവുന്നില്ല.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 | നം.കെ.എസ്.എ-പികെഡി.21/1904(52)/2018<br>തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24845408.00 |
| വരവ് | 77976333.00 |
| ആകെ | 102821741.00 |
| ചെലവ് | 92111736.00 |
| നീക്കിയിരിപ്പ് | 10710005.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 16694000 | 16694000 | 16603300 | 90700 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 13137000 | 13137000 | 12776917 | 360083 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 15000 | 15000 | 0 | 15000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6424000 | 6424000 | 6333415 | 90585 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3654000 | 3654000 | 3621761 | 32239 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9385183 | 9385183 | 7746153 | 1639030 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1995440 | 1995440 | 1995440 | 0 |
| ദുരിതാശ്വാസനിധി | | 52558 | 54842 | 107400 | 4500 | 102900 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18189167 | 18189167 | 18189167 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 20162 | 818751 | 838913 | 817943 | 20970 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | (ICDS) | 690904 | 1088245 | 1779149 | 632742 | 1146407 |
| | RSBY | 6184 | 6204 | 12388 | 12388 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | തൊഴിലില്ലായ്മാ വേതനം | 0 | 64320 | 64320 | 64320 | 0 |
| | വാർദ്ധക്യ കാല പെൻഷൻ | 0 | 21224400 | 21224400 | 21224400 | 0 |
| | കർഷക തൊഴിലാളി പെൻഷൻ | 0 | 9936700 | 9936700 | 9936700 | 0 |
| | അവിവാഹിത പെൻഷൻ | 0 | 14721900 | 14721900 | 14721900 | 0 |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 0 | 3442700 | 3442700 | 3442700 | 0 |
| | വിധവ പെൻഷൻ | 0 | 14721900 | 14721900 | 14721900 | 0 |
| | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 0 | 180000 | 180000 | 180000 | 0 |
| | നെല്ലുൽപ്പാദന ബോണസ് | 0 | 383132 | 383132 | 383132 | 0 |
| കേരളോൽസവം ഗ്രാന്റ് | | 0 | 0 | 0 | 67977 | -67977 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 3550000 | 1212716 | 4762716 | 4262716 | 500000 |
| | ജില്ലാ പഞ്ചായത്ത് | 0 | 1363880 | 1363880 | 1363880 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11196743 | 12434820 | 23631563 | 13259466 | 10372097 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 9930688 | 11935261 | 21865949 | 21759171 | 106778 |
| NREGS special Allownce (State Fund) | | 0 | 9000 | 9000 | 9000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 90331519 | 185 | 63255483 | 46 | 1 | 138 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 20162 | 818751 | 838913 | 817943 | 20970 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18189167 | 18189167 | 18189167 | 0 |
| ആകെ | 20162 | 19007918 | 19028080 | 19007110 | 20970 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64320 | 111 |
| കർഷകതൊഴിലാളി പെൻഷൻ | 9936700 | 878 |
| വിധവാപെൻഷൻ | 14721900 | 1287 |
| വാർദ്ധക്യകാലപെൻഷൻ | 21224400 | 1880 |
| വികലാംഗപെൻഷൻ | 3442700 | 360 |
| അവിവാഹിത പെൻഷൻ | 14721900 | 77 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2018 ന് രാവിലെ 11.30 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,680രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത

ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ധനകാര്യ സ്റ്റാൻറിങ്ങ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ജീവനക്കാരുടെയും പ്രയത്നഫലമായി 27.03.2018ന് ഗ്രാമ പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ കാര്യങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി ഭരണസമിതി ചർച്ച ചെയ്ത് പാസാക്കുകയും ചെയ്തിട്ടുണ്ട്. വാർഷിക കണക്കുകൾ സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും കൃത്യമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് രേഖകൾ തീപ്പിടുത്തം, കളവ്, പുറമേ നിന്നുള്ള ഇടപെടലുകൾ, വ്യാജരേഖ ചമയ്ക്കൽ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള മതിയായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

വസ്തുനികുതി - 2016-17 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക തുകയും സഞ്ചയയിലെ 2017-18 ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പണമിടപാട് നടത്തുന്ന എല്ലാ രേഖകളുടേയും ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നുണ്ട്. രശീതികൾ പ്രീ നമ്പേർഡ് ആണ്. രശീതി, ചെക്ക് എന്നിവ ക്യാൻസൽ ചെയ്യുമ്പോൾ ഉന്നത അധികാരികൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാനുലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.
സംസ്ഥാന - കേന്ദ്ര ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന അക്കൗണ്ടുകളുടെ വിവരങ്ങൾ വാർഷിക കണക്കിൽ പ്രത്യേകം ഉൾപ്പെടുന്നില്ല.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോരുത്തർക്കും login, password ലഭ്യമാക്കി സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുണ്ട്. ഒരാളുടെ പാസ്സ് വേർഡ്, ലോഗിൻ എന്നിവ മറ്റുള്ളവർ ഉപയോഗിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തുക ബാങ്കിൽ അടവാക്കുന്നത് തുക കളക്ട് ചെയ്യുന്ന ആൾ അല്ല. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. Day Bookന്റെ പ്രിന്റ് ഔട്ടിൽ ഫ്രണ്ട് ഓഫീസിന്റെ ചുമതലയുള്ള ക്ലാർക്ക്, ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്ക്, അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവർ ഒപ്പുവെക്കുന്നുണ്ട്.

ആയിരം രൂപയ്ക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ജൂനിയർ സൂപ്രണ്ട് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറിയും ചെക്കിൽ ഒപ്പ് വെക്കുന്നു. എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്.

വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബ്ലാങ്ക് ചെക്കുകൾ മുൻകൂർ ഒപ്പിട്ട് വെക്കുന്ന രീതി സ്ഥാപനത്തിൽ നിലവിലില്ല.

ഇഷ്യൂ ചെയ്ത ചെക്കുകൾ റിയലൈസ് ചെയ്യുന്നത് ശ്രദ്ധിച്ച് മടങ്ങി വരുന്ന ചെക്കുകൾ ചെക്ക്/ഡി.ഡി. രജിസ്റ്ററിൽ ചേർത്ത് ക്യാൻസൽ ചെയ്യുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താറുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/പിഴപ്പലിശ ഈടാക്കുന്നുണ്ട്.

എല്ലാ കളക്ഷനുകളും ഡി.സി.ബി., കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപനത്തിലുണ്ട്. ടാക്സുകൾ നിയമപ്രകാരമുള്ള നിരക്കുകളിൽ തന്നെയാണ് ഈടാക്കുന്നത്. ടാക്സ് അസസ്സ്മെന്റുകൾ മേൽ പരിശോധന നടത്താൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പു വെക്കുന്നുണ്ട്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്. ക്യാമ്പ് നടത്തി നികുതി പിരിവ് ഊർജ്ജിതമാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. പിരിഞ്ഞ് കിട്ടാനുള്ള തുകകൾ കൃത്യമായി കണക്കാക്കി അടുത്ത വർഷത്തേക്ക് ക്യാരിഓവർ ചെയ്യുന്നുണ്ട്.

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് പ്ലാൻ, എന്നിവ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ഓഫീസ് ഉപയോഗത്തിനുള്ള സാധനങ്ങളുടെ കാര്യത്തിൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി അത്യാവശ്യ സാധനങ്ങൾ മാത്രം വാങ്ങി ഉപയോഗിച്ചത് തനതു ഫണ്ടിന്റെ ചെലവ് ചുരുക്കാൻ സഹായിച്ചിട്ടുണ്ട്. പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കുന്നുണ്ട്. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ കൃത്യമായി ചമയ്ക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ ഭദ്രമായി സൂക്ഷിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. പക്ഷെ സ്റ്റോക്ക്&സ്റ്റോർസ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല.

സർവ്വീസ് ബുക്കുകളും, ലീവ് റെക്കോർഡുകളും അറ്റൻഡൻസ് രജിസ്റ്ററും ശരിയായി സൂക്ഷിക്കുന്നുണ്ട്. ടാക്സുകൾ, പി.എഫ്., മറ്റ് നിയമപരമായ റിക്കവറികൾ തുടങ്ങി ജീവനക്കാരിൽ നിന്നും ഈടാക്കുന്നവ കൃത്യമായി അടവാക്കുന്നുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനവും ഇല്ല. എന്നാൽ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കുന്നുണ്ട്.

WINDOWS-IKM സോഫ്റ്റ്‌വെയറുകൾ ആണ് സ്ഥാപനത്തിൽ ഉപയോഗിച്ചു വരുന്നത്. സാംഖ്യ സോഫ്റ്റ്‌വെയറിൽ updation നടക്കുമ്പോൾ നിലവിലുള്ള data സുരക്ഷിതമായി നിലനിൽക്കുന്നില്ല എന്ന പ്രശ്നം ഉണ്ട്. വരവു ഭാഗവുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റ്‌വെയറുമായി Link ചെയ്തിരിക്കുന്നത് വസ്തുനികുതിക്കു വേണ്ടി തയ്യാറാക്കിയ ഒരു സോഫ്റ്റ് വെയർ മാത്രമാണ്. ബഡ്ജറ്റും സാംഖ്യയുമായി Link ചെയ്തിരിക്കുന്ന സോഫ്റ്റ് വെയർ ഉണ്ടെങ്കിൽ വരവു ചെലവുകളിൻമേൽ നിയന്ത്രണം എളുപ്പത്തിൽ

സാദ്ധ്യമാവും. എല്ലാ നികുതിയിനങ്ങളും Online ആയി അടക്കാനുള്ള സംവിധാനവും, ആവശ്യമായ സർട്ടിഫിക്കറ്റുകൾ Online ആയി Generate ചെയ്യുവാനുമുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം കാലതാമസം കൂടാതെ ലഭ്യമാവാൻ സഹായകരമാവും. ഇപ്പോൾ Onlineൽ ലഭ്യമാവുന്ന സേവനങ്ങൾ സംബന്ധിച്ച് ഗ്രാമസഭ മുഖേന ജനങ്ങളെ ബോധ്യപ്പെടുത്തുകയും ആവശ്യമെങ്കിൽ പരിശീലനം നൽകുകയും ചെയ്യാവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.7.18 മുതൽ 10.7.18 വരെ | ജൂൺ 2018 | 10.07.08 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.5.06മുതൽ 7.6.06 വരെ | 1997-98 മുതൽ 2005-06 വരെ | 15.07.2006 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ ചെലവുകൾ ശീർഷകങ്ങളെ അടിസ്ഥാനമാക്കി വാർഷിക റിപ്പോർട്ടുമായി താരതമ്യം ചെയ്യാൻ സാധിക്കുന്നില്ല. ഫണ്ട് തിരിച്ച് ചെലവു വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ലഭ്യമാവുന്നില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ. ചട്ടം 3(1), (2) എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും വ്യക്തികളെയും അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കേണ്ടതും ഓരോ അർദ്ധ വർഷത്തേക്കും തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന BSNL, മുണ്ടൂർ എന്ന സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി നികുതി പിരിവ് ഊർജ്ജിതമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും വസ്തു നികുതിയുടെ കാര്യത്തിൽ മാത്രമാണ് പുരോഗതി വിലയിരുത്തപ്പെടുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽനികുതിയുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ - ചട്ടം പാലിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2017-18 ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെപ്പറയുന്ന സ്ഥാപനത്തിന് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| ഡി & ഒ ലൈസൻസ് നം. | കെട്ടിട നം./ വാർഡ് നം. | സ്ഥാപനം |
|---|---|---|
| 55/17-18 | 16/63 | കോഴിഫാം<br><br>അപേക്ഷകൻ - സാബു എൻ. സി, നരിമറ്റത്തിൽ വീട്, എഴക്കാട് |

മേൽ സൂചിപ്പിച്ച ഫാമിന് ചട്ട പ്രകാരമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ മറ്റ് ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ അവ ചട്ട പ്രകാരമുള്ള ലൈസൻസ് എടുത്തതാണോ പ്രവർത്തിക്കുന്നതെന്നും ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് , തൊഴിൽ നികുതി - തുക അടവാക്കിയത് സംബന്ധിച്ച്

ഡി & ഒ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും കുറവ് ഈടാക്കിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം(നം.5/31-07-18) നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| ഡി & ഒ ലൈസൻസ് | ₹3060 |
| തൊഴിൽ നികുതി | 1300+6163 =₹7463 |
| ആകെ | ₹10253 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുഭരണം- ISO സർട്ടിഫിക്കറ്റ് നേടിയെടുത്തത് അഭിനന്ദനാർഹം

പൊതുഭരണം കാര്യക്ഷമമാക്കുന്നതിന്റെ ചുമതലയുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2017-18 വർഷം 16 പ്രാവശ്യം യോഗം ചേർന്നു. സെക്രട്ടറി തയ്യാറാക്കുന്ന പ്രതിമാസ വരവു ചെലവു കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തീയതിക്കു മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും ജീവനക്കാരും കഠിന പ്രയത്നം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 27.03.2018ന് ഗ്രാമ

പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. ISO സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 2 പ്രൊജക്ടുകളാണ് നടപ്പാക്കിയത്. പ്രൊജക്ട് നം.183/18:ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന സ്പിൽ ഓവർ പ്രൊജക്ട് പ്രകാരം റബ്കോയിൽ മുഖേന ഓഫീസ് ഫർണിഷിംഗിനായി പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും ₹.349,412/- ഉം തനതു ഫണ്ടിൽ നിന്നും ₹.96300/-ഉം ചെലവഴിച്ചു. പ്രൊജക്ട് നം.17/18:ISO സർട്ടിഫിക്കേഷന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്ന പുതിയ പ്രൊജക്ട് പ്രകാരം തനതു ഫണ്ടിൽ നിന്നും ₹.91879/- ചെലവഴിച്ചു. ഗ്രാമ പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കറ്റ് നേടിയെടുത്തത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും മറ്റ് ജീവനക്കാരുടെയും പരിശ്രമഫലമായുണ്ടാക്കിയ നേട്ടമായി വിലയിരുത്താവുന്നതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്ക് ജൂനിയർ സൂപ്രണ്ട് നേതൃത്വം നൽകുന്നുണ്ട്. ബജറ്റ് കൃത്യസമയത്ത് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തുകൾക്കായി സർക്കാർ അംഗീകരിച്ച് പ്രസിദ്ധികരിച്ച നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിക്കേണ്ടതുണ്ട്.

സെക്രട്ടറി കൺവീനറായ പൊതുഭരണവും ധനകാര്യവും (കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സദ്ഭരണം, ജനസേവനം കാര്യക്ഷമമാക്കൽ) എന്ന ഒരു വർക്കിങ്ങ് ഗ്രൂപ്പാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്. വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തീരുമാനിച്ച ഫ്രണ്ട് ഓഫീസ് നവീകരണം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തുക, ആസ്തി രജിസ്റ്റർ കാലികമാക്കുക, പഞ്ചായത്ത് ഓഫീസിൽ സോളാർ പാനൽ സ്ഥാപിക്കുക എന്നീ പദ്ധതികൾ ഇനിയും നടപ്പാക്കാനായിട്ടുണ്ട്. മോണിറ്ററിംഗ് കമ്മറ്റികൾ കാര്യക്ഷമമാക്കുന്നതിലേക്കും ശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-2 കൺവർജൻസ് സ്കീം നടപ്പാവാത്ത സാഹചര്യത്തിൽ തനതു ഫണ്ടിൽനിന്നും നല്കിയ തുക തിരികെ ഈടാക്കണം.

കൺവർജൻസ് സ്കീം നടപ്പിലാവാത്ത സാഹചര്യത്തിൽ നം.14/18: അംഗൻവാടി കെട്ടിട നിർമ്മാണത്തിന് വിഹിതം നൽകൽ എന്ന പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും MGNREGS മിഷൻ ഡയറക്ടർക്ക് നൽകിയ രൂ:200,000/- തിരികെ ഈടാക്കണം.

12.01.16ലെ 118/16/LSGD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ₹.400,000/-, തനത് ഫണ്ടിൽ നിന്നും ₹.200,000/- എന്നിങ്ങനെ വകയിരുത്തി ₹.600,000/- വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ട് തുക ചെക്ക് നം.1617603/20.11.17 പ്രകാരമാണ് MGNREGS മിഷൻ ഡയറക്ടർക്ക് കൈമാറിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.7/31.07.18നുള്ള മറുപടിയിൽ 2017-18ൽ പദ്ധതി നടപ്പാക്കാനാവാത്ത സാഹചര്യത്തിൽ 2018-19ല് ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെന്നും തൊഴിലുറപ്പ് മിഷനു കൈമാറിയ 2ലക്ഷം രൂപ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതായും പരാമർശിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ടിനു പകരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി അസിസ്റ്റന്റ് എഞ്ചീനീയർ നിർവ്വഹണം നടത്തുന്ന രീതിയിലാണ് 2018-19ൽ പ്രൊജക്ട് തയ്യാറാക്കിയത്.

മുണ്ടൂർ അങ്കണവാടി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സമയത്ത് ശരാശരി 17 കുട്ടികൾ ഉണ്ടായിരുന്ന സ്ഥാനത്ത് മറ്റൊരു സ്ഥലത്ത് വാടക കെട്ടിടത്തിലേക്ക് മാറ്റിയപ്പോൾ 6 കുട്ടികൾ മാത്രമാണ് കടന്നു വരുന്നത്. അതിനാൽ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുകയും MGNREGS മിഷൻ ഡയറക്ടറിൽ നിന്നും 2 ലക്ഷം രൂപ ഈടാക്കുകയും ചെയ്ത് ഓഡിറ്റിന് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 3-3 ബസ് സ്റ്റാന്റ് - പ്രവൃത്തികൾ ത്വരിതപ്പെടുത്തണം

വർഷങ്ങൾക്ക് മുമ്പ് ആവിഷ്കരിച്ച ബസ് സ്റ്റാൻറ് നിർമ്മാണവും ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണവും എന്ന പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും മുണ്ടൂർ ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് കമ്മറ്റി 13.10.17ന് [തീരുമാനം നം.7(1)] ബസ് സ്റ്റാന്റ് പ്രവർത്തിപ്പിക്കുന്നതിന് ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് [നം.7(1)/31.07.18] ലഭ്യമാക്കിയ മറുപടിയിൽ, ബസ് സ്റ്റാന്റ് പ്രവർത്തനം ക്ഷമമാക്കുന്നതിന് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് 12.01.18ന് അപേക്ഷ സമർപ്പിച്ചതായും അധികൃതരുടെ നിർദ്ദേശ പ്രകാരം മോട്ടോർ വാഹന നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള വെയ്റ്റിംഗ് ഷെഡ്ഡും കംഫർട്ട് സ്റ്റേഷനും ഏർപ്പെടുത്തുന്നതിന് 18-19 വാർഷിക പദ്ധതിയിൽ ₹.24,90,000/- വകയിരുത്തി പ്രൊജക്ട് ഏറ്റെടുത്തതായും പരാമർശിച്ചിട്ടുണ്ട്.

ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ബസ് സ്റ്റാന്റ് പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ 17തവണ യോഗം കൂടിയിട്ടുണ്ട്. സ്പിൽ ഓവർ പ്രവൃത്തികളുടെ ശുപാർശ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, സ്റ്റാറ്റസ് റിപ്പോർട്ട്/ കരട് പദ്ധതി ശുപാർശ എന്നിവയ്ക്കായി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഭരണസമിതിയിൽ എത്തിച്ചിട്ടുണ്ട്. യോഗ നോട്ടീസ് നല്കുന്നതിൽ ഏഴു ദിവസത്തെ സമയം എന്ന ക്രമം പാലിച്ചിട്ടില്ല. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനും പ്രവർത്തന കമ്മിറ്റികൾ സജ്ജമായിരുന്നെങ്കിലും കൃഷി, മൃഗസംരക്ഷണം എന്നിവയിൽ പരമ്പരാഗത പ്രോജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായുള്ള വിഭവ സമാഹരണങ്ങളിൽ പ്രാദേശിക പങ്കാളിത്തത്തിന്റെ കുറവ് സഹകരണ ബാങ്ക് പ്രതിനിധികൾക്ക് പുറമേ മറ്റ് മേഖലകളിലെ വിദഗ്ധരെക്കൂടി സ്റ്റേക്ക് ഹോൾഡർമാരുടെ പട്ടിക വിപുലീകരിക്കാവുന്നതും പ്രാദേശിക വിഭവ സമാഹരണം കാര്യക്ഷമമാക്കാവുന്നതുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 പൊതുമരാമത്ത് മേഖല

